15 -ാം കേരള നിയമസഭ

2 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3221 — 04-08-2021 - ൽ മറുപടിയ്ക്ക്

## മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . പി . ഉബൈദുള്ള | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രി കോവിഡ് ചികിത്സയ്ക്ക് മാത്രമായി മാറ്റിയതിനാൽ കോവിഡ് ഇതര രോഗികൾക്ക് വിദഗ്ധ ചികിത്സ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് പൂർണ്ണമായും കോവിഡ് ആശുപത്രിയാക്കി മാറ്റിയപ്പോൾ കോവിഡേതര ചികിത്സ ലഭ്യമാക്കുന്നതിന് ചെരണി ടി.ബി. സെന്ററിന്റെ കെട്ടിടത്തിൽ താൽകാലികമായി ജനറൽ ഒ.പി. സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | മഞ്ചേരി ജനറൽ ആശുപത്രി മെഡിക്കൽ കോളേജ് ആക്കി ഉയർത്തിയ അവസരത്തിൽ പുതിയ ജനറൽ ആശുപത്രി ചെരണിയിലെ ആരോഗ്യ വകുപ്പിന്റെ സ്ഥലത്ത് സ്ഥാപിക്കണമെന്ന നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും അതിന്മേൽ നടപടി സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | മലപ്പുറം ചെരണിയിൽ ജനറൽ ആശുപത്രി സ്ഥാപിക്കുന്നതിനായി ഉദ്ദേശിച്ച സ്ഥലം മഞ്ചേരി മെഡിക്കൽ കോളേജിൽ നിന്നും 5 കി.മീ. താഴെ ദൂരത്തിലായതിനാൽ, മഞ്ചേരി മെഡിക്കൽ കോളേജ് നിലവിലുള്ള സാഹചര്യത്തിൽ വൻമുതൽ മുടക്കിൽ അതേ സ്ഥലത്ത് പുതിയൊരു ആശുപത്രി പണിയേണ്ടതില്ല എന്ന് തീരുമാനിക്കുകയും ഇക്കാര്യം 19.08.2016 ലെ 221/പി3/2016/ആ.കു.വ നമ്പർ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട് |
| (സി) | മഞ്ചേരിയിൽ ജനറൽ ആശുപത്രി ആരംഭിക്കുന്നതിനും മെഡിക്കൽ കോളേജിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ഓരോ ജില്ലയിൽ നിന്നും ഓരോ ആശുപത്രിയെ ജില്ലാതല ആശുപത്രിയായി വികസിപ്പിക്കുവാനും ഓരോ താലൂക്കിലെ ഓരോ ആശുപത്രിയെ താലൂക്ക് തല ആശുപത്രിയായി നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിക്കുവാനും ഉള്ള പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പ് നടത്തി വരുന്നത്. മലപ്പുറം ജില്ലയിൽ തിരൂർ ആശുപത്രി ജില്ലാതല ആശുപത്രിയാകും. മലപ്പുറം, പൊന്നാനി, കുറ്റിപ്പുറം, തിരൂരങ്ങാടി, നിലമ്പൂർ, പെരിന്തൽമണ്ണ, കൊണ്ടോട്ടി എന്നീ ആശുപത്രികളെ താലൂക്ക് തല ആശുപത്രിയായി തിരഞ്ഞെടുത്തുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ ബോയ്സ് |

ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, അദ്ധ്യാപക-അനദ്ധ്യാപക ക്വാർട്ടേഴ്സ്, ആഡിറ്റോറിയം എന്നിവ നിർമ്മിക്കുന്നതിന് 103,86,48,772/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 69,85,63,327/- രൂപയ്ക്ക് M/s. Shilpa Projects & Infrastructure India Pvt. Ltd. Kochi എന്ന കമ്പനിക്കാണ് നിർമ്മാണ കരാർ നൽകിയിട്ടുള്ളത്. 2018 ഒക്ടോബറിൽ റസിഡൻഷ്യൽ ഫെസിലിറ്റീസ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 39.70 കോടി രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ 80 ശതമാനം സിവിൽ വർക്ക് ഇതുവരെ പൂർത്തിയായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ ചെറിയ മരാമത്ത് പണികൾക്കായി അനുവദിച്ചിട്ടുള്ള 34.48 ലക്ഷം രൂപ ഉപയോഗപ്പെടുത്തി മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിലെ കാന്റീൻ സൗകര്യം വിപുലപ്പെടുത്താനുള്ള പദ്ധതിയ്ക്ക് 30.07.2021 ലെ സ.ഉ (സാധാ) നം.1620/2021/ ആ.കു.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആശുപത്രി ഭിന്നശേഷി-വയോജന സൗഹൃദമാക്കുന്നതിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷത്തെ വിഹിതമായി അനുവദിച്ച 86 ലക്ഷം രൂപ ഉപയോഗിച്ച് പാസഞ്ചർ ലിഫ്റ്റ് ഒരുക്കുന്നതിനും Signages സ്ഥാപിക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പദ്ധതിയ്ക്ക് 23.07.2021 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ 19 M&E ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 6.2 കോടിയും 24 M&S ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1.37 കോടിയും 34-OC ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2.06 കോടി രൂപയും വിനിയോഗിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിലേക്കാവശ്യമായ വിവിധ മെഡിക്കൽ/നോൺ മെഡിക്കൽ ഉപകരണങ്ങൾ, ഫർണീച്ചറുകൾ, ബുക്കുകൾ, റീ-ഏജന്റ്സ്, കെമിക്കൽസ് തുടങ്ങിയവ ഈ പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ Hospital Waste Management in Medical Colleges, Standardization of facilities in Maternal & Child Health Units in Medical College Hospital, Revamping of existing infrastructure and maintenance of High end Equipment in Medical Colleges, Creation of patients friendly hospital Environment (DME) എന്നീ ശീർഷകങ്ങളിൽ

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുള്ള തുക വിനിയോഗത്തിനുള്ള നടപടികൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ തലത്തിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ